# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6546** — **08/11/2016-ൽ മറുപടിക്ക്**

## തൊഴിലാളികൾക്ക് മെഡിക്കൽ കാർഡ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കാരാട്ട് റസാഖ്** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| എ) | കേരളത്തിലെ ഹോട്ടലുകളിലും റസ്റ്റോറന്റുകളിലും പാചകക്കാർ മുതൽ ക്ലീനിംഗ് തൊഴിലാളികൾ വരെ ഇതരസംസ്ഥാന തൊഴിലാളികളായി മാറിയിട്ടുള്ളതും ഇവരിൽ പലരും വൃത്തിഹീനമായ പരിതസ്ഥിതിയിൽ ജീവിക്കുന്നവരും രോഗികളുമാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ ജില്ലയിലും ആരോഗ്യവകുപ്പ് തുടർച്ചയായി അന്യസംസ്ഥാന തൊഴിലാളി ക്യാമ്പുകൾ സന്ദർശിച്ച് തൊഴിലാളികളുടെ വ്യക്തിശുചിത്വം, പരിസരശുചിത്വം, കുടിവെള്ള ശുചിത്വം തുടങ്ങിയവ നിരീക്ഷിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും തൊഴിൽ വകുപ്പിന്റെയും സഹകരണത്തോടെ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് നിലവിലുള്ളതും അന്യസംസ്ഥാന തൊഴിലാളികളുടെ വരവോടെ ഉണ്ടായിട്ടുള്ളതുമായ ആരോഗ്യപ്രശ്നങ്ങൾ ഇല്ലായ്മ ചെയ്യുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന ആരോഗ്യവകുപ്പ് "ഹെൽത്തി കേരള" എന്ന പേരിൽ സമഗ്രമായ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഈ പരിപാടിയുടെ ഭാഗമായി ഇതര സംസ്ഥാന തൊഴിലാളികളുടെ വാസസ്ഥലങ്ങളിൽ മെഡിക്കൽ ക്യാമ്പും, ബോധവത്ക്കരണ ക്ലാസ്സുകളും ആരോഗ്യവകുപ്പ് നടത്തിവരുന്നുണ്ട്. മലമ്പനി, മന്ത്, കുഷ്ഠം, ക്ഷയം തുടങ്ങിയ പകർച്ചവ്യാധികളുടെ നിർണ്ണയത്തിനായി സ്ക്രീനിംഗ് നടത്തി രോഗമുള്ളവരെ കണ്ടെത്തി ചികിത്സയ്ക്ക് വിധേയമാക്കുകയും ചെയ്യുന്നുണ്ട്. |
| ബി) | ഇത്തരം തൊഴിലാളികൾക്ക് മെഡിക്കൽ കാർഡ് നൽകുന്ന കാര്യം പരിഗണനയിലുണ്ടോ? | ബി) | ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട് "ആവാസ്" എന്ന പേരിൽ ഒരു ഇൻഷുറൻസ് ലിങ്ക്ഡ് തിരിച്ചറിയൽ കാർഡ് നൽകുന്ന കാര്യം പരിഗണനയിലാണ്. |

**സെക്ഷൻ ഓഫീസർ**